**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാറിലെ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri Ahammad Devarkovil**<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാറിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നായിരുന്നു; അറിയിക്കുമോ; | (എ) | കരാർ വ്യവസ്ഥ പ്രകാരം 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ 1460 ദിവസങ്ങൾക്കുള്ളിൽ (അതായത് 2019 ഡിസംബർ 3 നുള്ളിൽ) പൂർത്തീകരിക്കേണ്ടതായിരുന്നു. |
| (ബി) | കൺസ്ട്രക്ഷൻ കരാർ വ്യവസ്ഥപ്രകാരം നിശ്ചിത സമയത്ത് പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ കമ്പനിയിൽ നിന്നും പിഴ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിനകം കമ്പനിയിൽ നിന്നും പിഴ ഇനത്തിൽ എന്ത് തുകയാണ് ഈടാക്കിയത്; പിഴ ഈടാക്കിയില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതി പൂർത്തീകരിക്കുന്നതിനായി 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോട്ടുകൂടിയും ക്യുറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഓഖി, വെള്ളപ്പൊക്കം, കോവിഡ് തുടങ്ങിയ പ്രശ്നങ്ങൾ Force Majuere events ആയി കണക്കാക്കി കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന കരാർ കമ്പനിയുടെ ആവശ്യം അംഗീകരിക്കാത്ത തിനാൽ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിനായി കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ തുറമുഖ നിർമ്മാണ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. ട്രിബ്യൂണ ലിന്റെ തീരുമാനം അനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ